പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 176 — 13.07.2016 ൽ മറുപടിയ്ക്ക്

## നെൽ കർഷകർക്ക് ഇ. പി. ആർ. എസ്. പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. വി.റ്റി. ബൽറാം | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് നെൽ കർഷകർക്ക് ഇ. പി.ആർ.എസ്. പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | നെൽകർഷകർക്ക് ഇ.പി.ആർ.എസ്. പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ നൽകുമോ; | (ബി) | കർഷകരിൽ നിന്ന് നെല്ല് കൈപ്പറ്റുമ്പോൾ സപ്ലൈകോയ്ക്ക് വേണ്ടി മില്ലുകൾ നല്കുന്ന രസീത് (PRS) ഇലക്ട്രോണിക് സംവിധാനത്തിലൂടെ POS device മുഖേന നൽകപ്പെടുന്നു. ഇതാണ് EPRS (Electronic Paddy Receipt Sheet). കർഷകർക്ക് രജിസ്ട്രേഷൻ സമയം മുതൽ പെയ്മെന്റ് ഓഫീസർ പാസാക്കുന്നതു വരെയും തുടർന്നും എല്ലാ വിവരങ്ങളും വിശദമായി വെബ്സൈറ്റിലൂടെ അറിയുവാൻ കഴിയുന്നു. വിവരങ്ങൾ യഥാസമയം വെബ്സൈറ്റിൽ update ചെയ്യപ്പെടുന്നതിനാൽ സുതാര്യതയും കൃത്യതയും ഉറപ്പാക്കുന്നു. |
| (സി) | പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊള്ളുകയുണ്ടായി; വിശദീകരിക്കുമോ? | (സി) | നെല്ല് സംഭരണത്തിന് കർഷകർ ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ രേഖപ്പെടുത്തുന്ന മുഴുവൻ വിവരങ്ങളും മില്ലുകാർക്ക് നൽകിയിരിക്കുന്ന Hand held POS device -ലേക്ക് GPRS സംവിധാനം വഴി കൈമാറുകയും, നെല്ല് മില്ലിൽ എത്തി സ്റ്റോക്കിൽ ഏറ്റെടുത്തതിനുശേഷം നെല്ലിന്റെ തൂക്കം ഉൾപ്പെടെയുള്ള അനുബന്ധ വിവരങ്ങൾ computer സംവിധാനത്തിലൂടെ ലഭ്യമാകുകയും ചെയ്യുന്നു. ഇപ്രകാരമുള്ള ഇലക്ട്രോണിക് നെല്ല് കൈപ്പറ്റ് രസീത് (EPRS) കർഷകർക്ക് ഇന്റർനെറ്റ് സൗകര്യമുള്ള ഏത് കമ്പ്യൂട്ടറിൽ നിന്നും എപ്പോൾ വേണമെങ്കിലും പ്രിന്റ് എടുക്കാവുന്നതാണ്.<br><br>EPRS സംവിധാനം 2014-15 ഒന്നാം സീസൺ മുതൽ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ